ദർശനത്തിനുശേഷം ഭക്തർ വാഹനങ്ങൾ പാർക്കു ചെയ്ത് സ്ഥലത്തേക്കു തിരക്കുകൂട്ടി നീങ്ങുകയും അവിടെ പാർക്ക് ചെയ്ത ഒരു ഓട്ടോറിക്ഷ മറിയുകയും ഒരു സ്വകാര്യ ജീപ്പിൽ വന്നിടിക്കുകയും തീർത്ഥാടകർ ഇരുട്ടിലും, തിക്കിലും തിരക്കിലും പെട്ട് നിലത്തു വീണ് ചവിട്ടേറ്റ് മരിക്കുകയുമാണ് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ മറ്റു കാര്യങ്ങളും കാരണങ്ങളും വ്യക്തമാവുകയുള്ളു.

(ബി&സി) ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സുരക്ഷിതത്വം ഉറപ്പാക്കാനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിരിക്കാതിരിക്കാനും അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ ആലോചിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ടിലെയും മാസ്റ്റർ പ്ലാനിലെയും കാതലായ കാര്യങ്ങൾ പഠിച്ച് വനം,പോലീസ് തുടങ്ങിയ വിവിധ വകുപ്പുകൾ ഒരു സമന്വയാഭിപ്രായം ഉണ്ടാക്കിയ ശേഷം വീണ്ടും യോഗം ചേരാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ശബരിമലയിലെ അടിസ്ഥാന സൗകര്യവികസനം

216(424) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിലെത്തുന്ന ഭക്തർക്കായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് പുതുതായി ഒരുക്കിയിരിക്കുന്നത് ;

(ബി) ശബരിമലയിലെത്തുന്ന ഭക്തരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ശബരിമല സീസണിൽ പുതുതായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ താഴെ ചേർക്കുന്നു :

1. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ,ഡോണർ ഹൗസുകൾ, പിൽഗ്രിം സെന്ററുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി.

2. കുടിവെള്ള സംഭരണത്തിനായി ശബരിമലയിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകൾ നിർമ്മിച്ചു.

3. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ആവശ്യമായ സാങ്കേതിക ജീവനക്കാരെ നിയോഗിച്ച് മുടക്കം കൂടാതെ പ്രവർത്തിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്കായി പമ്പ, നിലയ്ക്കൽ, ചാലക്കയം, മരക്കൂട്ടം എന്നിവിടങ്ങളിൽ താൽക്കാലിക ഷെഡ്ഡുക്കൾ നിർമ്മിച്ചു.

5. ശബരിമലയിൽ ദർശനത്തിന് ക്യൂ നിൽക്കുന്ന അയ്യപ്പൻമാർക്ക് മഴയിൽ നിന്നും വെയിലിൽ നിന്നും സംരക്ഷണം നൽകുന്നതിനായി താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചു.

6. നെയ്യഭിഷേകം ചെയ്യാൻ ക്യൂ നിൽക്കുന്ന അയ്യപ്പഭക്തന്മാർക്ക് മഴയും വെയിലും ഏൽക്കാതിരിക്കാൻ മേൽക്കൂര നിർമ്മിച്ചു.

7. പരമ്പരാഗത പാതയിൽ നീലിമല,അപ്പാച്ചിമേട് ഭാഗങ്ങളിൽ അയ്യപ്പന്മാർക്ക് വിശ്രമിക്കുന്നതിനായി നാല് ഷെൽട്ടറുകൾ നിർമ്മിച്ചു.

8. പമ്പ മുതൽ അപ്പാച്ചിമേടുവരെയുള്ള വിവിധ സ്ഥലങ്ങളിൽ അയ്യപ്പൻമാർക്ക് വിശ്രമിക്കുന്നതിനായി കോൺക്രീറ്റ് ഇരിപ്പിടങ്ങൾ നിർമ്മിച്ചു.

9. അപ്പാച്ചിമേടു ഭാഗത്ത് പാത വീതികൂട്ടി കയറ്റം ലഘൂകരിച്ച് കോൺക്രീറ്റ് പടികൾ നിർമ്മിച്ച് ബാരിക്കേടുകൾ പുനഃനിർമ്മിച്ചു.

10. അപ്പാച്ചിമേട് ഭാഗത്ത് വിശ്രമ സങ്കേതം നിർമ്മിച്ചു.

11. പമ്പയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെ അറ്റകുറ്റപ്പണികൾ പൂർത്തികരിച്ച് തടസ്സം കൂടാതെ പ്രവർത്തിപ്പിച്ചു.

12. പമ്പ മണപ്പുറത്ത് അയ്യപ്പഭക്തർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനും 20000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ഒരു പന്തൽ നിർമ്മിച്ചു.

13. ആവശ്യമായ ഇൻഫർമേഷൻ ബോർഡുകളും സൈൻ ബോർഡുകളും വിവിധ ഭാഷകളിലെഴുതി പ്രദർശിപ്പിച്ചു.

14. അപ്പാച്ചിമേട്ടിലും നീലിമലയിലും ആരോഗ്യവകുപ്പിന്റെ ചുമതലയിൽ കാർഡിയോളജി സെന്ററുകൾ പ്രവർത്തിപ്പിക്കാൻ ദേവസ്വം ബോർഡ് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിരുന്നു. കൂടാതെ ശബരിമലയിലും പമ്പയിലും ആരോഗ്യ വകുപ്പിന്റെയും സ്വകാര്യ മേഖലയുടെയും സൗജന്യ ആശുപത്രികൾ പ്രവർത്തിപ്പിച്ചു.

15. കെഎസ്ആർടിസി, ആന്ധ്ര, കർണ്ണാടക, തമിഴ്നാട് എന്നീ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെയും അയ്യപ്പ സേവാ സംഘത്തിന്റെയും സഹകരണത്തോടെ അയ്യപ്പ ഭക്തർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി നിലയ്ക്കലിൽ ലെ ഔട്ട് പ്ലാൻ തയ്യാറാക്കാൻ ദേവസ്വം ബോർഡ് കരാർ നൽകിയിരിക്കുകയാണ്. ഇതിൽ അടുത്ത സീസണിനുമുമ്പായി മുൻഗണനാക്രമത്തിൽ ചെയ്യേണ്ട നിർമ്മാണ പ്രവൃത്തികളായി പാർക്കിംഗ് ഏരിയ, റോഡ് ട്രാൻസ്പോർട്ട് ടെർമിനൽ എന്നിവ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാരസമിതി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly